"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ് - കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് - സർക്കാർ വിഹിതം രണ്ടാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**273/2026/WCDD** തീയതി,തിരുവനന്തപുരം, **13-08-2026**

---

പരാമർശം:- 1. സ.ഉ.(സാധാ) നം.**261/2026/WCDD** തീയതി, **05/08/2026**

2. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ **22/07/2026**-ലെ **DWCD/2870/2026-AWWF1** നമ്പർ കത്ത്.

**ഉത്തരവ്**

കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന് **2026-27** സാമ്പത്തിക വർഷത്തെ ആദ്യ ഘട്ട ധനസഹായമായി **4,00,00,000/-** രൂപ (നാല് കോടി രൂപ മാത്രം) പരാമർശം (1) പ്രകാരം അനുവദിച്ചു നല്കിയിരുന്നു. അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിലെ വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനായി ആകെ **27,99,36,500/-**രൂപ (ഇരുപത്തിയേഴ് കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി മൂപ്പത്തിയാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) അടിയന്തരമായി വിതരണം ചെയ്യേണ്ടതുണ്ടെന്നും ബോർഡിന് നിലവിൽ ഫണ്ട് ഇല്ലാത്ത സാഹചര്യമായതിനാൽ, സർക്കാർ അധിക ധനസഹായമായി **55,16,76,500/-** രൂപ (അമ്പത്തിയഞ്ച് കോടി പതിനാറ് ലക്ഷത്തി എഴുപത്തിയാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) കൂടി അധിക ധന സഹായമായി അങ്കണവാടി വെൽഫയർ ബോർഡിന്റെ നടപ്പു സാമ്പത്തിക വർഷത്തെ **2235-02-102-89-10-NP** എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2235-02-102-89-10-NP ശീർഷകത്തിന്റെ സീലിംഗ് പരിധി 100% ആയി BAMS-ൽ ഉയർത്തി നൽകിക്കൊണ്ട്, കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന് നടപ്പ് സാമ്പത്തിക വർഷത്തെ രണ്ടാം ഘട്ട ധനസഹായമായി പ്രസ്തുത ശീർഷകത്തിൽ നിന്നും 6 കോടി രൂപ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (11/08/2026-ലെ WW-WW2/389/2017-FIN കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Bindu K N
Date: 13-08-2026
16:17:24

സെക്ഷൻ ഓഫീസർ